ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/31595/2024-DB4 തീയതി: 16-07-2025

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 യിൽ ഉൾപ്പെട്ട പുതുക്കിയ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയാറാക്കുന്നത് സംബന്ധിച്ച്

സൂചന
1. സ.ഉ.(കൈ) നം:14/2025/ത.സ്വ.ഭ.വ തീയതി 20/01/2025
2. സ.ഉ.(കൈ) നം:30/2025/ത.സ്വ.ഭ.വ തീയതി 12/02/2025
3. സ.ഉ.(കൈ) നം:80/2025/ത.സ്വ.ഭ.വ തീയതി 19/05/2025
4. 11-07-2025 തീയ്യതിയിലെ G.O.(Ms) No.118/2025/LSGD നമ്പർ ഉത്തരവ്

2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" യിൽ ഉൾപ്പെടുത്തി സൂചന 1-3 ഉത്തരവുകൾ പ്രകാരം 3540 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിരക്കുകൾ DSoR 2018ൽ നിന്നും DSoR 2021 ലേക്ക് പരിവർത്തനം ചെയ്യതിന്റെ ഭാഗമായി 583 പ്രവൃത്തികൾക്ക് 19.58 കോടി രൂപയുടെ അധിക ധനാനുമതി നൽകികൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

നിലവിൽ പ്രൈസ് 3 ൽ റേറ്റ് റിവിഷൻ ന്റെ ഭാഗമായി പുതുക്കിയ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിന് താഴെ പറയുന്ന പ്രകാരം ഉള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്

1 ) <u>സാങ്കേതിക അനുമതി നൽകിയതും എന്നാൽ പോസ്റ്റ് ടെൻഡർ create ചെയ്യപ്പെടാത്തതുമായ പ്രവൃത്തികൾ</u>

സാങ്കേതിക അനുമതി revert ചെയ്ത് DSoR 2021 റേറ്റിലേക്ക് recalculate ചെയ്യപ്പെട്ട എസ്റ്റിമേറ്റുകൾക്ക് പുതുക്കിയ ഭരണാനുമതി ഉൾപ്പെടുത്തി സാങ്കേതിക അനുമതി നൽകാവുന്നതാണ്.

2 ) <u>സാങ്കേതിക അനുമതി നൽകി പോസ്റ്റ് ടെൻഡർ create ചെയപെട്ടതും എന്നാൽ work awarding ചെയാത്തതുമായ പ്രവൃത്തികൾ</u>

a) എസ്റ്റിമേറ്റ് recast ചെയ്തു DSoR 2021 റേറ്റിലേക്ക് recalculate ചെയ്യപ്പെട്ട എസ്റ്റിമേറ്റ്കൾക്ക് നിലവിലുള്ള എസ്റ്റിമേറ്റിന്റെ template ഉപയോഗിച്ച് അതെ ഫയലിൽ തന്നെ മറ്റൊരു workactivity create ചെയ്ത് പുതുക്കിയ ഭരണാനുമതി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. ആയതിലൂടെ ഭാവിയിൽ ആവശ്യം വരുന്ന പക്ഷം backfile ഡീറ്റെയിൽസ് access ചെയ്യുവാൻ എളുപ്പമായിരിക്കും.

അല്ലെങ്കിൽ

b) പുതിയൊരു ഫയലായി create ചെയ്തു നിലവിലുള്ള എസ്റ്റിമേറ്റിന്റെ template ഉപയോഗിച്ച് പുതുക്കിയ ഭരണാനുമതി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയാറാക്കാവുന്നതാണ്.

ടി നടപടികൾ സ്വീകരിച്ചു പുതുക്കിയ ഭരണാനുമതി കിട്ടിയ പ്രവൃത്തികൾക്കു എത്രയും വേഗം സാങ്കേതിക അനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

വിശ്വസ്തതയോടെ,

Sandeep K G
CHIEF ENGINEER

Signed by
Sandeep K G
Date: 16-07-2025 18:30:39